**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** **11-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയായി പ്രവർത്തിക്കാൻ തുടങ്ങിയത് എന്നാണെന്നും ഇതിനകം എത്ര കോവിഡ് രോഗികളെ ചികിത്സിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മെഡിക്കൽ കോളേജ് 2020 ഏപ്രിൽ 4 മുതലാണ് കോവിഡ് ആശുപത്രിയായി പ്രവർത്തിച്ച് തുടങ്ങിയത്. ടി ആശുപത്രിയിൽ ഇതിനോടകം 3382 രോഗികളെ ചികിത്സിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് ബാധിച്ച് ഇവിടെ പ്രവേശിക്കപ്പെട്ട എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് ബാധിച്ച് പ്രവേശിക്കപ്പെട്ട 77 രോഗികൾ മരണപ്പെടുകയുണ്ടായി. |
| (സി) | യഥാസമയം മതിയായ ചികിത്സ ലഭിക്കാത്തതാണോ മരണകാരണമെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് ബാധിച്ച് പ്രവേശിക്കപ്പെടുന്ന രോഗികൾക്ക് ലഭ്യമായ എല്ലാ ചികിത്സകളും നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര കോവിഡ് രോഗികളുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ രോഗികൾ ഇല്ല. |
| (ഇ) | ഈ ആശുപത്രി അടച്ചിടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും എത്ര ദിവസത്തേക്കാണ് അടച്ചിടുന്നതെന്നും വ്യക്തമാക്കാമോ; | (ഇ) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ ചുമതലയുള്ള M/s KITCO യ്ക്ക് അവശേഷിക്കുന്ന സിവിൽ / ഇലക്ട്രിക്കൽ ജോലികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന്, ഒരു മാസത്തേയ്ക്ക് ഭാഗിക അടച്ചിടൽ അനിവാര്യമായതിനാലും നിലവിൽ കോവിഡ് രോഗികൾ ഇല്ലാത്തതിനാലും ഭാഗികമായി അടച്ചിട്ടിട്ടുണ്ട്. എന്നാൽ അടിയന്തിര സാഹചര്യമുണ്ടായാൽ പണികൾ നിർത്തി വെച്ച് ചികിത്സ പുനരാരംഭിക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ല. |
| (എഫ്) | ആശുപത്രി വീണ്ടും തുറക്കുമ്പോൾ മെഡിക്കൽ കോളേജിന്റെ എല്ലാ ഒ.പി. വിഭാഗങ്ങളും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കുമോ; എങ്കിൽ എപ്പോഴാണ് ഇത് പ്രാവർത്തികമാവുക എന്ന് വ്യക്തമാക്കാമോ? | (എഫ്) | പണി പൂർത്തിയാകുന്ന മുറയ്ക്ക് ജനറൽ ഒപിയും തുടർന്ന് സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ളവയും സജ്ജീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ